LIBRARY ARCHIVES Kerala Legislative Assembly

## കാർഷിക വൈദ്യുതി കണക്ഷൻ

39 (4621) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ 35 സെന്റ് ഭൂമിയിൽ കുറവുള്ളവർക്ക് നൽകാത്തതുമൂലം ഉണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ചെറുകിട കൃഷിക്കാർക്ക് കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ & ബി) 30 സെന്റിൽ കുറയാതെ വസ്തു കൈവശം ഉള്ളതും അതിൽ 75% ഭൂമിയിൽ കൃഷിനടത്തുന്നവർക്കും 10 സെന്റിൽ കുറയാത്ത ഭൂമിയിൽ പച്ചക്കറി കൃഷി നടത്തുന്നവർക്കും 5 സെന്റിൽ കുറയാത്ത ഭൂമിയിൽ വെറ്റില കൃഷി നടത്തുന്ന കൃഷിക്കാർക്കുമാണ് നിലവിൽ കാർഷിക വൈദ്യുതി കണക്ഷൻ അനുവദിക്കുന്നത്. കാർഷിക വൈദ്യുതി കണക്ഷന് ഭൂവിസ്തൃതി 30 സെന്റിൽ താഴെയാക്കണമെന്ന ചില നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവ സർക്കാർ പരിശോധിച്ചുവെങ്കിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് നടപടി

40 (4622) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ ഉള്ള കുടുംബനാഥൻ മരണപ്പെട്ടാൽ അനന്തരാവകാശിക്ക് വൈദ്യുതി കണക്ഷൻ മാറ്റി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) മരണപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനന്തരാവകാശിയുടെ അപേക്ഷ പരിഗണിച്ച് വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റിനൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?